ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.02.2025**

## പ്രധാനവാർത്തകൾ

1. യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും.

2. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്ത രണ്ട് പതിറ്റാണ്ട് ഏറെ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

3. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പാരീസിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. എ.ഐ ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റുമായി ശ്രീ മോദി സഹ അദ്ധ്യക്ഷത വഹിക്കും.

4. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ലഹരിമരുന്ന് ഉപയോഗം അതീവഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് മന്ത്രി എം.ബി രാജേഷ്. വിഷയത്തിന്മേലുള്ള പ്രതിപക്ഷത്തിന്റെ ഉപക്ഷേപം പരിഗണിച്ച് സഭയിൽ ചർച്ചകൾ പുരോഗമിക്കുന്നു.

5. പൊതു നിയമനങ്ങൾ സംബന്ധിച്ച് നൽകുന്ന പരസ്യങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയില്ലെങ്കിൽ അത് അസാധുവാണെന്ന് സുപ്രീംകോടതി.

6. ദേശീയ ഗെയിംസിൽ ജിംനാസ്റ്റിക്കിൽ കേരളത്തിന്റെ ഫസൽ ഇംതിയാസ്- പാർവതി ബി നായർ സഖ്യത്തിന് വെള്ളി മെഡൽ. ഒന്നാം സ്ഥാനത്ത് സർവീസസ് മുന്നേറുന്നു.

PNUTVPM

==========================================

**രാഷ്ട്രപതി -യുനാനി ദിനം**

യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്ങും ചടങ്ങിൽ സന്നിഹിതനാകും. ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര യുനാനി ചികിത്സാ ഗവേഷണ സമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. പ്രശസ്ത യുനാനി ചികിത്സകനും അധ്യാപകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഹക്കിം അജ്മൽ ഖാന്റെ ജന്മവാർഷികദിനമായ ഫെബ്രുവരി 11 ആണ് യുനാനി ദിനമായി ആഘോഷിക്കുന്നത്.

==========================================

**പ്രധാനമന്ത്രി - ഊർജ്ജവാരം**

വികസിത ഭാരതം എന്ന ലക്ഷ്യത്തിൽ അടുത്ത രണ്ട് പതിറ്റാണ്ട് ഏറെ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ആരംഭിച്ച ഇന്ത്യ ഊർജ്ജവാരം-2025 ൽ നൽകിയ വീഡിയോ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. 21-ാം നൂറ്റാണ്ട് ഇന്ത്യയുടേതാണെന്ന് പറഞ്ഞ ശ്രീ നരേന്ദ്രമോദി. ലക്ഷ്യങ്ങൾ പ്രതീക്ഷിച്ചതിലും നേരത്തെ സാക്ഷാത്ക്കരിക്കാൻ നമുക്ക് സാധിക്കുമെന്നും വ്യക്തമാക്കി. ഊർജ്ജമേഖലയിൽ ഇന്ത്യനിർണായക പങ്ക് വഹിക്കുകയാണ്. 2030-ഓടെ ഇന്ത്യയുടെ ഊർജ്ജ ലക്ഷ്യങ്ങൾ കൈവരിക്കാനാകുമെന്നും പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

==========================================

**പ്രധാനമന്ത്രി - ഫ്രാൻസ്**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ് സന്ദർശനം തുടരുന്നു. ഇന്ന് നടക്കുന്ന മൂന്ന് ദിവസത്തെ എ ഐ ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി അദ്ദേഹം സഹഅധ്യക്ഷത വഹിക്കും. ഫ്രഞ്ച് പ്രസിഡന്റുമായുള്ള ഉഭയകക്ഷി ചർച്ചകളാണ് മറ്റു പരിപാടികൾ. ഫ്രാൻസിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റ്

RNUTVPM

പ്രധാനമന്ത്രി, മാർസലയിൽ ഉദ്ഘാടനം ചെയ്യും. International Thermonuclear Experimental Reactor പദ്ധതിയും പ്രധാനമന്ത്രി സന്ദർശിക്കും. ലോക മഹായുധത്തിൽ ജീവൻ നഷ്ടപ്പെട്ട സൈനികരുടെ ഓർമയ്ക്കായി പണികഴിപ്പിച്ച മസാർഗൂയ്സ് യുദ്ധ സ്മാരകവും അദ്ദേഹം സന്ദർശിക്കും. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നാളെ അമേരിക്കയിലെത്തും.

==============================================

**പാർലമെന്റ്**

പാർലമെന്റിന്റെ ഇരുസഭകളിലും 2025-2026 വർഷത്തെ കേന്ദ്ര ബജറ്റിൻമേലുള്ള ചർച്ച ഇന്നും തുടരുന്നു. ഇരുസഭകളിലും ഭരണ-പ്രതിപക്ഷ അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുന്നു.

==============================================

RIU TVPM

**നിയമസഭ - ഉപക്ഷേപം**

സംസ്ഥാനത്തെ വർധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് നടപടികൾ നിർത്തി വയ്ക്കുന്നതിനുള്ള ഉപക്ഷേപം സംബന്ധിച്ച ചർച്ച നിയമസഭയിൽ പുരോഗമിക്കുന്നു. സംസ്ഥാനത്ത് ലഹരി മരുന്ന് വ്യാപനം കാരണം കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിക്കുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്ക് എടുക്കണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് പിസി വിഷ്ണുനാഥാണ് നോട്ടീസ് നൽകിയത്. ലഹരിയെ സാമൂഹിക വിപത്തായി അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. അതിനാൽ വിഷയം ചർച്ച ചെയ്യാമെന്ന് മന്ത്രി അറിയിച്ചു. തുടർന്ന് വിഷയം ചർച്ച ചെയ്യാമെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു.

==============================================

**നിയമസഭ -സജി ചെറിയാൻ -(ഇൻട്രോ)**

പുനർഗേഹം പദ്ധതിയുടെ ഭാഗമായി **1,200-ഓളം** ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നതായി മന്ത്രി

സജി ചെറിയാൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

**(ഹോൾഡ് ബൈറ്റ്.................)**

==========================================

**നിയമസഭ - മന്ത്രി ഒ ആർ കേളു**

പട്ടികവർഗ വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയായ സേഫ് പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ 764 വീടുകളും 2023-24 സാമ്പത്തിക വർഷത്തിൽ 523 വീടുകളും

പൂർത്തീകരിച്ചതായി മന്ത്രി ഒ ആർ കേളു. 2024-25 സാമ്പത്തിക വർഷത്തിൽ **3,527** വീടുകൾക്ക് ആദ്യ ഘട്ടത്തിലും 250 വീടുകൾ അധികമായും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി നിയമസഭയെ അറിയിച്ചു.

RNU TVPM

==========================================

**എ കെ ശശീന്ദ്രൻ - (ഇൻട്രോ)**

വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചതായി വനം മന്ത്രി എ കെ ശശീന്ദ്രൻ. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി സഭയെ അറിയിച്ചു.

**(ഹോൾഡ് ഫോർ ബൈറ്റ്...........)**

==========================================

**കാട്ടാന ആക്രമണം – തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിലെ പാലോട് 50 വയസുകാരൻ മരിച്ചത്

കാട്ടാനയുടെ ആക്രമണത്തിലെന്ന് സ്ഥിരീകരണം. പാലോട് മടത്തറ

സ്വദേശി ബാബു ആണ് കാട്ടാനയുടെ ആക്രമണത്തിൽ

കൊല്ലപ്പെട്ടത്. ഇയാളുടെ മൃതദേഹം വനമേഖലയിൽ നടത്തിയ

തെരച്ചിലിലാണ് കണ്ടെത്തിയത്.

==========================================

**വയനാട് നൂൽപ്പുഴ**

വയനാട് നൂൽപ്പുഴയിൽ കാട്ടാന ആക്രമണത്തിൽ യുവാവിന് ദാരുണാന്ത്യം. കാപ്പാട് സ്വദേശി മനു ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരമാണ് ആക്രമണം ഉണ്ടായത്. പ്രദേശത്ത് നാട്ടുകാരുടെ പ്രതിഷേധം തുടരുകയാണ്. യുവാവിന്റെ മൃതദേഹം നീക്കം ചെയ്യുന്നത് നാട്ടുകാർ തടഞ്ഞു.

==========================================

**സുപ്രീം കോടതി - പരസ്യം**

പൊതു നിയമനങ്ങൾ സംബന്ധിച്ച് നൽകുന്ന പരസ്യങ്ങളിൽ നിലവിലുള്ള ഒഴുവുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയില്ലെങ്കിൽ അത് അസാധുവാണെന്ന് സുപ്രീംകോടതി. സുതാര്യത ഇല്ലാത്തതിനാൽ ഇത്തരം പരസ്യങ്ങൾ നിയമവിരുദ്ധവുമാണെന്നും കോടതി നിരീക്ഷിച്ചു. പരസ്യങ്ങളിൽ ഒഴിവുകളുടെ എണ്ണം, സംവരണ സീറ്റുകളുടെ അനുപാതം, പരീക്ഷ നടത്തുന്ന രീതി തുടങ്ങിയവയും ഉൾപ്പെടുത്തേണ്ടതാണെന്നും പരമോന്നത കോടതി വ്യക്തമാക്കി.

RNU TVPM

==========================================

## രാജ്നാഥ് സിങ് - എയ്റോ ഇന്ത്യ

ഭീകരവാദം, സൈബർ കുറ്റകൃത്യങ്ങൾ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികൾ അതിർത്തികൾക്കതീതമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. എയ്റോ ഇന്ത്യ പ്രദർശനത്തിന്റെ ഭാഗമായി ബംഗളൂരിൽ നടന്ന പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവേഷണം, വികസനം, പ്രതിരോധ മേഖലയിലെ നവീകരണം എന്നിവയുടെ ആഗോള കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുന്നത് നമ്മുടെ കഴിവുകളുടെ തെളിവാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

==========================================

**കുംഭമേള**

മഹാകുംഭമേളയുടെ ഭാഗമായി നാളെ നടക്കുന്ന മാഖി പൂർണിമ സ്നാനത്തിനായി എത്തുന്ന തീർത്ഥാടകർക്കും യാത്രക്കാർക്കുമായി പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിയതായി ഇന്ത്യൻ റെയിൽവേ. പ്രയാഗ് രാജ് റെയിൽവേ സ്റ്റേഷനിലെ തയ്യാറെടുപ്പുകൾ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്നലെ വിലയിരുത്തി. മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

===========================================

**ദേശീയ ഗെയിംസ്**

ദേശീയ ഗെയിംസിൽ ജിംനാസ്റ്റിക്കിൽ കേരളത്തിന് വീണ്ടും മെഡൽ. അക്രോബാറ്റിക് ജിംനാസ്റ്റിക്കിൽ ഫസൽ ഇംതിയാസ് - പാർവതി ബി നായർ മിക്സഡ് സഖ്യം വെള്ളിമെഡൽ നേടി. ഇതേ വിഭാഗത്തിൽ വനിതകളുടെ മത്സരത്തിൽ ലക്ഷ്മി ബി നായർ - പൗർണമി റിഷികുമാർ സഖ്യം വെങ്കലം നേടി. പോയിന്റ് പട്ടികയിൽ സർവീസസ് ഒന്നാമതും, മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും കർണാടക മൂന്നാം സ്ഥാനത്തുമാണ്. കേരളം നിലവിൽ ഒൻപതാം സ്ഥാനത്താണ്.

RNU TVPM

===========================================

**ബാഡ്മിന്റൺ-കണ്ണൂർ**

കണ്ണൂരിൽ നടന്ന സംസ്ഥാന അന്തർ ജില്ലാ സീനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ ചാമ്പ്യൻമാരായി. തിരുവനന്തപുരമാണ് റണ്ണേഴ്സ് അപ്പ്. വാശിയേറിയ ഫൈനൽ മത്സരത്തിൽ 3-2 നായിരുന്നു ആലപ്പുഴ തിരുവനന്തപുരത്തെ തോൽപ്പിച്ചത്.

===========================================

**ശബരിമല**

കുംഭമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺ കുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. നാളെ മുതൽ ദർശനത്തിന് അവസരം ഉണ്ടെങ്കിലും പൂജകളൊന്നും തന്നെ ഉണ്ടാവില്ല. 13 മുതൽ 17 വരെ പൂജകളും അഭിഷേകവും നടക്കും. വെർച്വൽ ക്യൂ ബുക്ക് ചെയ്തും സ്പോട്ട്ബുക്കിംഗ് നടത്തിയും തീർഥാടകർക്ക് ദർശനം നടത്താം.

=========================================

**കാസർകോട് – (ഇൻട്രോ)**

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ആരോഗ്യം ആനന്ദം എന്ന യജ്ഞത്തിന്റെ ഭാഗമായി കാസർകോട് ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും സ്ക്രീനിങ് സൗകര്യം ഏർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കാസർകോട് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**
**(വോയിസ്...............)**

RNU TVPM

=========================================

**ഷൈൻ ടോം ചാക്കോ**

സംസ്ഥാനത്തെ ആദ്യത്തെ കൊക്കെൻ കേസിൽ നടൻ ഷൈൻ ടോം ചാക്കോ ഉൾപ്പെടെ 8 പേരെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി കുറ്റവിമുക്തരാക്കി.

2015 ലാണ് കേസിന് ആസ്പദമായ സംഭവം. കൊച്ചിയിലെ ഒരു ഫ്ലാറ്റിൽ പോലീസ് നടത്തിയ റെയ്ഡിലാണ് ഷൈൻ ടോം ചാക്കോയും സുഹൃത്തുക്കളും അറസ്റ്റിലായത്.

=========================================

**പേവിഷബാധ -മരണം**

പേവിഷബാധയെ തുടർന്ന് തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കുട്ടി മരിച്ചു. പറയംകുളം സെയ്ന്റ് ജോസഫ്സ് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥി ആലപ്പുഴ ചാരുംമൂടിലെ എട്ട് വയസ്സുകാരൻ സാവൻ ബി കൃഷ്ണയാണ് മരിച്ചത്.

==========================================

**പേവിഷ ബാധ -മുന്നറിയിപ്പ്**

പേ വിഷ ബാധയുമായി ബന്ധപ്പെട്ട് ജാഗ്രത പുലർത്തണമെന്ന് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണെന്നും ഡിഎംഒ അറിയിച്ചു.

==========================================

**കാട്ടാന ചരിഞ്ഞു – വയനാട്**

വയനാട് പുൽപ്പള്ളി ഇരുളം ചേലക്കൊല്ലി വനത്തിൽ കാട്ടുകൊമ്പനെ ചരിഞ്ഞനിലയിൽ കണ്ടെത്തി. വനം വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപിച്ച എഐ ഫെൻസിങ്ങിനോട് ചേർന്ന ഭാഗത്താണ് ആന ചരിഞ്ഞത്. വനപാലകർ സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിക്കുന്നു.

RNU TVPM

====================

============================

==========================================